**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 747** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>പാമ്പ് വിഷബാധ ജീവഹാനി രഹിത കേരളം പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പാറക്കൽ അബ്ദുല്ല

വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി

**(എ)** വനം വകുപ്പ് നടപ്പിലാക്കുന്ന പാമ്പ് വിഷബാധ ജീവഹാനി രഹിത കേരളം പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

**<u>മറുപടി:</u>** 2024 ഒക്ടോബർ 23 ൽ നടന്ന സംസ്ഥാന വന്യജീവി ബോർഡ് യോഗത്തിലാണ് "പാമ്പ് വിഷബാധ ജീവഹാനി രഹിത കേരളം" എന്ന പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുള്ളത്. അഞ്ച് വർഷം കൊണ്ട് കേരളത്തിൽ പാമ്പുകടിയേറ്റുള്ള മരണങ്ങൾ പൂർണ്ണമായും ഒഴിവാക്കുക എന്നതാണ് പദ്ധതി ലക്ഷ്യമിടുന്നത്. ആരോഗ്യം, വിദ്യാഭ്യാസം, തദ്ദേശ സ്വയംഭരണം, ദുരന്തനിവാരണം തുടങ്ങിയ വകുപ്പുകളുടെ കൂടെ സഹകരണത്തോടെ പദ്ധതി നടപ്പിലാക്കുവാനാണ് ലക്ഷ്യമിടുന്നത്. ആശുപത്രികളിൽ ആൻ്റിവെനം ലഭ്യതയും ചികിത്സയും ഉറപ്പാക്കുക, പാമ്പുകളേയും പാമ്പുവിഷബാധയേയും കുറിച്ച് പൊതുജനങ്ങളിലും വിദ്യാർത്ഥികളിലും ശാസ്ത്രീയ അവബോധം സൃഷ്ടിക്കുക തുടങ്ങിയവയാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത് .

**(ബി)** പാമ്പുകളെ പിടികൂടുന്നതിനുള്ള പരിശീലനം ഇതുവരെ എത്രപേർക്ക് നൽകിയിട്ടുണ്ടെന്നും പരിശീലനം നേടിയവരിൽ എത്രപേർക്ക് പാമ്പിനെ പിടികൂടുന്നതിനുള്ള ലൈസൻസ് അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

**<u>മറുപടി:</u>** സർപ്പ പദ്ധതി ആരംഭിച്ചതിനു ശേഷം നാളിതുവരെ ഏഴായിരത്തോളം പേർ പാമ്പുകളെ സുരക്ഷിതമായി റെസ്ക്യൂ ചെയ്യുന്നതിനുള്ള വനം വകുപ്പിന്റെ പരിശീലനത്തിൽ പങ്കെടുത്തിട്ടുള്ളതാണ്. പരിശീലന പരിപാടിയിൽ പങ്കെടുത്ത് പാമ്പുകളെ സുരക്ഷിതമായി കൈകാര്യം ചെയ്ത് യോഗ്യത തെളിയിച്ചിട്ടുള്ള 3666 വോളന്റീയർമാർക്ക് നാളിതുവരെ ജനവാസമേഖലയിൽ നിന്നും പാമ്പുകളെ സുരക്ഷിതമായി റെസ്ക്യൂ ചെയ്യുന്നതിനുള്ള സർട്ടിഫിക്കേഷൻ നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**